**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 448** **10-02-2025 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ ക്ഷാമബത്ത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ക്ഷാമബത്ത, ആയതിന്റെ കുടിശ്ശിക എന്നിവ കൃത്യമായി ലഭ്യമാക്കാത്തത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലോ ഹൈക്കോടതിയിലോ കേസുകൾ നിലവിലുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത കേസുകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടുകൾ അറിയിക്കാമോ; | (എ) | ഡി.എ കുടിശ്ശിക നൽകാത്തതുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 5 കേസുകളും ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ 4 കേസുകളും നിലവിലുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ശ്രീ. ഗോപാലപിള്ള ഫയൽ ചെയ്ത WP(C) No.19612/2021<br><br>ഡോ. ഷിബിനു എസ്. ഉം മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 2473/2023<br><br>കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C) No. 27618/2023<br><br>ശ്രീ. അനൂപ് ശങ്കരപിള്ളയും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 33705/2023<br><br>കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C) No. 20763/2024<br><br>ശ്രീ. അബ്ദുൾ ജലീൽ പി. യും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1123/2023<br><br>ശ്രീ. ചവറ ജയകുമാറും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1140/2023<br><br>കേരള എൻ.ജി.ഒ. സംഘും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1724/2023<br><br>ഡോ.അജിത് പ്രസാദ് ജെ.എസ് ഫയൽ ചെയ്ത OA-975/2024<br><br>ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചു കൊണ്ട് |

| | | | |
|---|---|---|---|
| | | | ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. |
| (ബി) | വർഷത്തിൽ രണ്ട് തവണ ഡി.എ. നൽകുമെന്ന് നിയമസഭയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചത് പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ആയത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് അറിയിക്കാമോ; | (ബി) | **2024-25 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്.** |
| (സി) | ക്ഷാമബത്ത കുടിശ്ശിക പൂർണ്ണമായും ലഭ്യമാക്കുമോ; എങ്കിൽ ആയതിന് മുൻകാല പ്രാബല്യം ലഭ്യമാക്കുമോ; | (സി) | **സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാർ യഥാസമയം പരിശോധിക്കുന്നതാണ്.** |
| (ഡി) | നിലവിൽ ലഭ്യമാക്കിയ ക്ഷാമബത്തയുടെ കുടിശ്ശിക തീയതി മുതൽ അനുവദിക്കപ്പെട്ട തീയതി വരെയുള്ള തുക ലഭ്യമാക്കുമോ? | (ഡി) | **ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കൊണ്ട് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.** |

സെക്ഷൻ ഓഫീസർ